LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രായോഗിക പരിശീലനം നൽകുന്ന ഇൻ സർവ്വീസ് കോഴ്സ് നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നത് നല്ലതായിരിക്കും. അതുപോലെ മറ്റ് ജോലികൾ ചെയ്യുന്നതിന് ലാബ് അസിസ്റ്റന്റുമാരെ നിർബന്ധിക്കുന്ന അവസ്ഥ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഇൻസർവ്വീസ് കോഴ്സിന്റെ കാര്യം പരശോധിക്കാം. ലാബ് അസിസ്റ്റന്റുമാരെകൊണ്ട് മറ്റ് ജോലികൾ ചെയ്യിക്കുന്നതായുള്ള പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

11.00 AM]

IV സബ്മിഷൻ

മി. ചെയർമാൻ: ഇന്ന് 45 സബ്മിഷനുകളുണ്ട്. സബ്മിഷൻ അവതരിപ്പിക്കുന്നവരും മറുപടി പറയുന്ന മന്ത്രിമാരും ചുരുക്കി പറയണമെന്നഭ്യർത്ഥിക്കുന്നു.

(1) ജാതി സർട്ടിഫിക്കറ്റ് നൽകൽ

ശ്രീ. സി. പി. മുഹമ്മദ്: സർ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകളിൽ അധിവസിക്കുന്ന ഒരു ജനവിഭാഗമാണ് ഹ്യൂൻ സമുദായക്കാർ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇവർ ഒറ്റപ്പെട്ട് വീടുവച്ച് താമസിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിൽ താമസിക്കുന്നവർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നുണ്ടെങ്കിലും കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നില്ല. ഹ്യൂൻ അഥവാ മൂത്താൻ എന്ന പേരിൽ അറിയപ്പെടുന്ന ഇവരെ ന്യൂനപക്ഷമായി അംഗീകരിക്കണമെന്ന ആവശ്യം ഈ സർക്കാർ പരിശോധിക്കുന്നതിനായി കിർത്താഡ്സിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്. ഈ വിഭാഗത്തെ ഒരു സമുദായമായി അംഗീകരിക്കേണ്ടത് മുന്നാക്ക സമുദായ കമ്മീഷനാണെന്ന് നേരത്തെ ഒരു മറുപടി ഇവർക്ക് ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന, ഭൂരിപക്ഷം പേരും ദരിദ്രരായ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനും ഇവരെ ന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നതിനും സത്വരനടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും ഒരു കമ്മീഷനെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ പരിധിക്കുള്ളിൽ, ജാതിസർട്ടിഫിക്കറ്റ് നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.